**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തൃശ്ശൂർ ജില്ല – മഴപ്പൊലിമ, കിണർ റീചാർജിംഗ് പദ്ധതി - നാമമാത്ര കർഷകർക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3067/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 10/11/2016

---

പരാമർശം:- 1. 14/7/2009 ലെ സ.ഉ.(സാധാ) 1735/2009/തസ്വഭവ നമ്പർ ഉത്തരവ്.

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയുടെ 21/07/2016 ലെ ഇ 4-690 /16 നമ്പർ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റിയുടെ 26/10/2016 ലെ യോഗ തീരുമാനം.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന "മഴപ്പൊലിമ" എന്ന ഭൂജല പരിപോഷണ പരിപാടിയുടെ (Well Recharge Programme) ഭാഗമായി ബി.പി.എൽ കുടുംബങ്ങളിലെ കിണറുകളിൽ നടപ്പാക്കുന്ന ജലപരിപോഷണ പ്രവർത്തനങ്ങൾക്ക് ചെലവിന്റെ 75% സബ്സിഡിയായി അനുവദിക്കുവാൻ പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. അതോടൊപ്പം തന്നെ ആയതിന്റെ യൂണിറ്റ് കോസ്റ്റ് 4500/- രൂപയായിരിക്കുമെന്നും ചെലവുകൾ സേവന മേഖലയിൽ തന്നെ വകയിരുത്തണമെന്ന വ്യവസ്ഥയോടെ ഉത്തരവായിരുന്നു.

മേൽ പദ്ധതി നാമമാത്ര കർഷകർക്കു കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി.സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, ഗുരുവായൂർ നഗരസഭ
റീജിയണൽ പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ